# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3677
### 23.08.2017 ലെ മറുപടിയ്ക്ക്

**ഇ-ട്രഷറി പേയ്മെന്റ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ഡി.കെ.മുരളി | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിൽ വിവിധയിനങ്ങളിൽ അടയ്ക്കപ്പെടുന്ന തുക യഥാസമയം ട്രഷറിയിൽ അടയ്ക്കുന്നതി നായി ഇ-ട്രഷറി പേയ് മെന്റിനു നിർദ്ദേശം നൽകിയിരുന്നോ; വിശദവിവരങ്ങൾ നൽകാമോ; | 31.01.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 12/2017/ധന പ്രകാരം സർക്കാർ ഓഫീസുകളിൽ സമാഹരിക്കപ്പെടുന്ന തുക ഇ-ട്രഷറിയിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്കുകളിലെ എല്ലാ ശാഖകളിലും ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സർക്കാർ ഓഫീസുകളിൽ സമാഹരിക്കപ്പെടുന്ന ഖജനാവിലേക്കുള്ള അടവുകൾ ട്രഷറികളുമായി ചേർന്ന് പ്രവർത്തിക്കുന്ന 3 ഏജൻസി ബാങ്ക് ശാഖകൾ മാത്രം വഴി ചെലാൻ വഴി അടക്കുവാനായിരുന്നു സംവിധാനം ഉണ്ടായിരുന്നത്. ഇങ്ങനെ സമാഹരിക്കപ്പെടുന്ന തുകകൾ ഖജനാവിലേക്ക് എത്തുന്നതിന് വളരെയധികം കാലതാമസം എടുക്കുമായിരുന്നു. ഈ സാഹചര്യത്തിൽ ഇ-ട്രഷറി സംവിധാനം വഴി സർക്കാരിലേക്ക് ദിനംപ്രതിയുള്ള വരവുകൾ അതാത് ദിവസങ്ങളിൽ തന്നെ ഖജനാവിലേക്ക് എത്തുന്നതിന് സഹായകമാകുന്നതിനു വേണ്ടിയാണ് ഇ-ട്രഷറി സംവിധാനം വഴി ഒടുക്കലുകൾ നടത്തുവാൻ നിർദ്ദേശം നൽകിയത്. ഇത് പ്രകാരം ഇ-ട്രഷറിയിൽ ഉൾപ്പെട്ടിട്ടുള്ള ഏതു ബാങ്ക് ബ്രാഞ്ചിലും തുക ഒടുക്കാവുന്നതാണ്. |
| (ബി) | ഇത്തരം പേയ് മെന്റുകൾ സ്വീകരിക്കാൻ എസ്.ബി.ഐ പോലുള്ള ബാങ്കുകൾ മടി കാണിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഇ-ട്രഷറി പേയ് മെന്റുകൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലും, ധനകാര്യ (വിഭവം) സെക്രട്ടറി തലത്തിലും, ബാങ്ക് അധികൃതരുമായി രണ്ട് വട്ടം ചർച്ച നടത്തിയതിന്റെ ഫലമായി ഇ-ട്രഷറി സംബന്ധമായ പേയ് മെന്റുകൾ സ്വീകരിക്കുവാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകാമെന്ന് റിസർവ് ബാങ്ക് അധികൃതർ ഉറപ്പുനൽകുകയും ആയത് ഫലവത്തായി വരുന്നുമുണ്ട്. |

| | | |
|---|---|---|
| (സി) | ഇതിനു പരിഹാരമായി സഹകരണ ബാങ്കുകൾ വഴി ഇ-ട്രഷറി പേയ് മെന്റിന് സംവിധാനമൊരുക്കുവാൻ ആലോചിക്കുമോ? | സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കുമായി ഫണ്ട് സെറ്റിൽമെന്റ് നിലവിൽ വരികയാണെങ്കിൽ സഹകരണ ബാങ്കുകളെ ഇ-ട്രഷറിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ